## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

24.01.2018 - ൽ മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 555

## പട്ടാമ്പി കമ്പനിപറമ്പ് വിവിധ പൊതു ആവശ്യങ്ങൾക്കായി വിട്ടുകൊടുക്കുന്നതിന് നടപടി

..............................

| ചോദ്യം<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | | മറുപടി<br>ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി). |
|---|---|---|
| (എ) പട്ടാമ്പി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ വക സ്ഥലം ഇല്ലാത്തത് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന സാഹചര്യത്തിൽ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന കമ്പനിപ്പറമ്പ് പൊതു വ്യവസായങ്ങൾക്കായി വിട്ടുകൊടുക്കുന്നത് ആയിരിക്കും, സ്വകാര്യ സംരംഭകർക്ക് നൽകുന്നതിനേക്കാൾ നല്ലത് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനായി നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ; | (എ) : | പട്ടാമ്പി മണ്ഡലത്തിലെ കൊപ്പം, കമ്പനിപ്പറമ്പ് പൊതുമേഖലയിലെ വ്യവസായങ്ങൾക്കായി വിട്ടുകൊടുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഏറെ കാലമായുള്ള ആവശ്യമായ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കാത്തത് ഒരു പ്രശ്നമായ സാഹചര്യത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു സ്ഥലം വിട്ടു നൽകാൻ ആവശ്യപ്പെട്ട എം. എൽ. എ. നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യവസായ സ്ഥാപനങ്ങളോട് ചേർന്ന് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് എന്തുകൊണ്ടും നല്ലതാണെന്നിരിക്കെ അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ബി) | പട്ടാമ്പി താലൂക്കിലെ കൊപ്പം വില്ലേജിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഫയർ സ്റ്റേഷനായി വിട്ടുകൊടുക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു.എം.എൽ.എ.യുടെ നിവേദനം റിപ്പോർട്ടിനായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ